പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2197 — 13.06.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോയുടെ നെല്ല് സംഭരണം

ചോദ്യം
ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് സപ്ലൈകോയുടെ നെല്ല് സംഭരണ കേന്ദ്രങ്ങൾ ഉള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കൃഷി ഭവനുകൾ കേന്ദ്രമാക്കി എല്ലാ ജില്ലകളിലും സപ്ലൈകോയുടെ നെല്ല് സംഭരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് നെല്ല് സംഭരണം നടത്തുന്ന മില്ലുടമകൾ നൽകേണ്ട കസ്റ്റം മിൽ റൈസ്(സി.എം.ആർ) താഴ്ത്തിയതിനെ തുടർന്ന് സപ്ലൈകോയ്ക്കുണ്ടായ നഷ്ടം എത്രയാണ്; ഇതിന് ഇടയായ കാരണങ്ങൾ എന്തെല്ലാമാണ്; | (ബി) | സംസ്ഥാനത്ത് സംഭരിക്കുന്ന നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 64.5% ആയി കുറച്ചതിനെ തുടർന്ന് 2019 മാർച്ച് 31 വരെ 39.27 കോടി രൂപയുടെ നഷ്ടം സപ്ലൈകോയ്ക്ക് ഉണ്ടായിട്ടുണ്ട്. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥ വ്യതിയാനവും മൂലം ഒരു ക്വിന്റൽ നെല്ലിൽ നിന്ന് 68% അരി തിരികെ ലഭിക്കുന്നില്ലാ എന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിഷയം ശാസ്ത്രീയമായി പരിശോധിച്ച് ആയതിന്റെ നിജസ്ഥിതി കണ്ടെത്തുന്നതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം ഒരു ക്വിന്റൽ നെല്ലിൽ നിന്ന് ലഭിക്കേണ്ട അരിയുടെ അളവ് 68% ൽ നിന്ന് 64.5% ആയി കുറച്ചത്. |
| (സി) | നെല്ല് സംഭരണത്തിന്റെ ഭാഗമായി സപ്ലൈകോയ്ക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | നെല്ല് സംഭരണ പദ്ധതിയുമായി ബന്ധപ്പെട്ട് 2019-20 ലെ ബഡ്ജറ്റിൽ 525 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. PRS (Paddy Receipt Sheet) വായ്പ പദ്ധതിയിനത്തിൽ ബാങ്കുകൾക്ക് പലിശയിനത്തിൽ നൽകാൻ ചിലവായ തുകയും നെല്ലിന്റെ ഔട്ട് ടേൺ റേഷ്യോ 64.5% ആയി കുറച്ചതു മൂലമുള്ള സാമ്പത്തിക ബാധ്യതയും തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ